**പതിനാലാം കേരളനിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1124 12-07-2016-ൽ മറുപടിക്ക്

"ചാലക്കുടി മണ്ഡലത്തിലെ കാട്ടുകുറ്റി പഞ്ചായത്തിലെ കക്കാട് പി.എച്ച്.സി"

| | ചോദ്യം<br>(ശ്രീ.ബി.ഡി. ദേവസ്സി) | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിലെ കാട്ടുകുറ്റി പഞ്ചായത്തിലെ കക്കാട് പി.എച്ച്.സിയിലെ ഒ.പി. ബ്ലോക്ക് എം.എൽ.എ ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിനായി 2008-ൽ അനുമതി ലഭിച്ച് നിർമ്മാണം ആരംഭിച്ചു എങ്കിലും ഇനിയും പൂർത്തിയാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ഒ.പി. ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ? | (ബി) & (സി) | ഉണ്ട്. ഇതു സംബന്ധിച്ച് വിജിലൻസിന്റെ ത്വരിത പരിശോധനാ റിപ്പോർട്ടിൽ നിർമ്മാണത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും കോൺട്രാക്ടറുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും സർക്കാരിനുണ്ടായനഷ്ടം ഈടാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിൻപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിർമ്മാണത്തിൽ ചില അപാകതകൾ ഉള്ളതായും കെട്ടിടത്തിന്റെ ബലക്ഷയം പരിഹരിക്കുന്നതിനായി ഒരു വിദഗ്ധ സമിതിയുടെ പരിശോധന ആവശ്യമാണെന്നും വിജിലൻസ് ശുപാർശ നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങൾ കൂടി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കി നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**